"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് - ശ്രീ. എസ്.സനോബ്, കെഎഎസ് നെ കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ ഹെഡ് - ഇന്നവേഷൻ ആന്റ് റിസർച്ച് തസ്തികയിലേയ്ക്ക് ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ (സി) വകുപ്പ്

സ.ഉ.(കൈ) നം.2/2024/ITD തീയതി,തിരുവനന്തപുരം, 23-02-2024

---

പരാമർശം:-

1. 24/07/2019 ലെ സ.ഉ.(സാധാ) നം. 148/2019/വിസവ ഉത്തരവ്
2. 30/08/2022 തീയതിയിലെ സ.ഉ.(കൈ) നം. 31/2022/വിസവ ഉത്തരവ്
3. 10-03-2023 ലെ സ.ഉ(കൈ) നം.10/2023/വിസവ ഉത്തരവ്
4. ശ്രീ. എസ്. സനോബ് , കെ.എ. എസ്സിന്റെ അപേക്ഷ (Nil dtd )
   കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ 30/10/2023, 08/11/2023
5. തിയതികളിലെ അഡ്മിൻ-ആർപിആർ/11/2023/കെഎസ്ഐറ്റിഎം നം കത്തുകൾ.

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ ഹെഡ് - ഇന്നവേഷൻ & റിസർച്ച് തസ്തിക സൃഷ്ടിക്കുകയും ടി തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ അപേക്ഷകരുടെ അഭാവത്തിൽ പരാമർശം (3) പ്രകാരം ടി തസ്തികയുടെ യോഗ്യത പരിഷ്കരിച്ച്, വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കുകയുമുണ്ടായില്ല. മൂന്നാം തവണ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ യോഗ്യനായ ഒരു ഉദ്യോഗാർത്ഥിയെ കണ്ടെത്താൻ കഴിഞ്ഞുവെങ്കിലും ടിയാളുടെ സേവനം ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഐടി മിഷന് നൽകുവാൻ ടിയാളുടെ മാതൃസ്ഥാപനം തയ്യാറായിരുന്നില്ല

വിശാഖപട്ടണം ഐ.ഐ.എം ൽ നിന്നും ഡിജിറ്റൽ ഗവേണൻസ് & മാനേജ്മെന്റിലുള്ള

എം.ബി.എ യോഗ്യതയും, ഇ-ഗവേണൻസിലും അനുബന്ധ പ്രോജക്റ്റുകളിലും സേവനമനുഷ്ഠിക്കാനുള്ള തന്റെ താൽപ്പര്യവും പരിഗണിച്ച് കേരള സ്റ്റേറ്റ് ഐടി മിഷനിൽ ഹെഡ്-ടെക്നോളജി /ഹെഡ് - ഇന്നൊവേഷൻ ആൻഡ് റിസർച്ച് എന്നീ തസ്തികകളിലൊന്നിലേക്ക് തന്നെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരിഗണിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ആലുവ പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെൻട്രൽ സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഫിനാൻഷ്യൽ അസിസ്റ്റന്റായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. എസ് സനോബ് കെ.എ.എസ് പരാമർശം (4) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

എം.എസ്.സി(ഇലക്ട്രോണിക്സ്) യോഗ്യതയുള്ള ശ്രീ. എസ് സനോബ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ലഭ്യമാകുന്നതിന് മുൻപ് ഗ്രാമവികസന വകുപ്പിൽ ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് കമ്മീഷണറായി സേവനമനുഷ്ഠിച്ചിരുന്നു. പ്രസ്തുത കാലയളവിൽ പരാമർശം (1) പ്രകാരം വിശാഖപട്ടണം ഐ ഐ എമ്മിലെ ഡിജിറ്റൽ ഗവേണൻസ് ആൻഡ് മാനേജ്മെന്റിൽ എംബിഎ പ്രോഗ്രാമിൽ പങ്കെടുക്കാൻ ശ്രീ. എസ് സനോബിനെ നോമിനേറ്റ് ചെയ്തിരുന്നു. പ്രോഗ്രാം പൂർത്തിയാകുമ്പോൾ. ടിയാനെ ഒരു നിശ്ചിത കാലയളവിലേക്ക് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഐടി മിഷനിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമെന്ന വ്യവസ്ഥയിലാണ് പ്രസ്തുത നോമിനേഷൻ നൽകിയത്. ശ്രീ. എസ് സനോബ് വിജയകരമായി കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന്റെ ബയോഡേറ്റ പ്രകാരം ബി എസ് സി (ഫിസിക്സ്), എം എസ് സി ഇലക്ട്രോണിക്സ്, ഡിജിറ്റൽ ഗവേണൻസ് & മാനേജ്മെൻറ് -ൽ എം.ബി.എ എന്നിവയാണ് യോഗ്യതകൾ. എന്നാൽ പരാമർശം (3) ഉത്തരവ് പ്രകാരം ഹെഡ് - ഇന്നൊവേഷൻ ആൻഡ് റിസർച്ച് തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള പൂർണ്ണമായ യോഗ്യതയും പ്രവൃത്തി പരിചയവും ടിയാനില്ല.

സംസ്ഥാനത്തെ കെ.എ.എസ് ഉദ്യോഗസ്ഥർക്കായി ആൾ ഇന്ത്യ സർവീസ് മാതൃകയിൽ ഒരു ഡെപ്യൂട്ടേഷൻ റിസർവ്വ് രൂപീകരിക്കുന്നതിലേയ്ക്ക് കെ.എ.എസ്. ഉദ്യോഗസ്ഥരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയോഗിക്കുന്നതിന് അനുയോജ്യമായ തസ്തികകൾ നിശ്ചിത മാനദണ്ഡപ്രകാരം കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാൻ കേരള സ്റ്റേറ്റ് ഐടി മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം ഐടി മിഷനിലെ ഹെഡ്-ഇന്നോവേഷൻ & റിസർച്ച് തസ്തിക മധ്യതല മാനേജീരിയൽ തസ്തികയായി കണക്കാക്കി ടി തസ്തികയിൽ ശ്രീ. എസ്. സനോബിനെ നിയമിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം കേരള സ്റ്റേറ്റ് ഐടി മിഷൻ ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുടർച്ചയായുള്ള വിജ്ഞാപനങ്ങൾക്ക് ശേഷവും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിലും ശ്രീ. എസ് സനോബ്, കെ.എ.എസ് ഇലക്ട്രോണിക്സിൽ എം.എസ്.സി, ഡിജിറ്റൽ ഗവേണൻസിൽ എം.ബി.എ എന്നീ യോഗ്യതകൾ നേടിയിട്ടുള്ളത് പരിഗണിച്ചും കേരള സ്റ്റേറ്റ് ഐടി മിഷനിലെ 'ഹെഡ്-ഇന്നവേഷൻ ആന്റ് റിസർച്ച്' തസ്തികയ്ക്ക് പരാമർശം (3) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഇളവു വരുത്തിക്കൊണ്ട് ടി തസ്തികയിൽ ശ്രീ. എസ് സനോബ്, കെ.എ.എസ്- നെ ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്

സെക്രട്ടറി

സ.ഉ.(കൈ) നം.2/2024/ITD

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, പട്ടം, തിരുവനന്തപുരം

ശ്രീ. എസ്.സനോബ് കെഎഎസ്, ഫിനാൻഷ്യൽ അസിസ്റ്റന്റ്, ആലുവ പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെൻട്രൽ സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം

സൂപ്രണ്ടിംഗ് എഞ്ചിനീയർ, ആലുവ പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെൻട്രൽ സർക്കിൾ

പൊതുഭരണ (സ്പെഷ്യൽ- ഇ) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. ...........പ്രകാരം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

വെബ് & ന്യൂമീഡിയ വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha A.s
Date: 24-02-2024 13:00:05